# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 90 — 13.06.2012-ൽ മറുപടിക്ക്

## പി. ജി. ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ-പി.ജി. ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിരുന്നോ ;<br><br>(ബി) പ്രസ്തുത ഉത്തരവ് പിൻവലിക്കാനുള്ള സാഹചര്യം വ്യക്തമാക്കുമോ ; | (എ) & (ബി)<br>7.10.2008-ലെ ജി.ഒ.(എം.എസ്) നം. 533/2008/ആ.കു.വ. ഉത്തരവ് പ്രകാരം മെഡിക്കൽ-പി.ജി. ഡോക്ടർമാർ ഒരുവർഷത്തെ നിർബന്ധിത ഗ്രാമീണ സേവനം ചെയ്യേണ്ടതുണ്ട്. ഈ നിർബന്ധിത ഗ്രാമീണ സേവന കാലയളവിൽ ഭേദഗതി വരുത്തിക്കൊണ്ട് 16.2.2012-ലെ ജി.ഒ.(എം.എസ്) നം. 56/2012/ആ.കു.വ. പ്രകാരം. സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ-പി.ജി. ഡോക്ടർമാർ സമരത്തിലേർപ്പെടുകയും അതേത്തുടർന്ന് ഡോക്ടർമാരുടെ സംഘടനയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ 16.2.2012-ലെ ഉത്തരവ് നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. |

| | |
|---|---|
| (സി) മെഡിക്കൽ–പി.ജി. ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ? | (സി) മെഡിക്കൽ–പി.ജി. ഡോക്ടർമാർ നിർബന്ധിത ഗ്രാമീണ സേവനം അഭിപ്രായ സമന്വയത്തിലൂടെ നടത്തണമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ